CAREERINDIA

Total No. of Questions : 40 ] **Code No. 06**

Total No. of Printed Pages : 4 ]

**June/July, 2010**

# MALAYALAM

Time : 3 Hours 15 Minutes ] [ Max. Marks : 100

I. ഒന്നോ **രണ്ടോ** വാക്യത്തിൽ ഉത്തരമെഴുതുക : 10 × 1 = 10

1. 'വാമാക്ഷിവാക്യം പ്രമാണിയ്ക്ക കാരണം രാമാദികൾക്കുമബദ്ധം പിണഞ്ഞുപോൽ' - ഇവിടുത്തെ വാമാക്ഷി വാക്യം എന്തായിരുന്നു ?
2. 'നാല്പാമരമരിഞ്ഞുകുട്ടിയ മാതിരി' എന്ന്‌വിശേഷിപ്പിയ്ക്കുന്നത് എന്തിനെയാണ് ?
3. നാസ്തികൃത്തിന്നടിപ്പെട്ടാലുള്ള ദോഷങ്ങളെന്തെല്ലാം ?
4. കറുത്ത ചെട്ടിച്ചികളെ മാരിവില്ലെന്ന് നിനയ്ക്കാൻ കാരണമെന്ത് ?
5. അംബയ്ക്കു നേരിട്ട വിഷമാവസ്ഥയിൽ അകൃതവ്രണന്റെ പ്രതികരണം എന്തായിരുന്നു ?
6. വികസനോന്മുഖ പത്രപ്രവർത്തനം, മനുഷ്യ താല്പര്യം ആർജ്ജിയ്ക്കുന്നതെപ്പോൾ ?
7. ഒരു തറവാട് മാത്രമല്ല ; ഒരു ഗ്രാമം മാത്രമല്ല ; ഗ്രാമങ്ങൾ മുഴുവനും പുരോഗമിയ്ക്കുകയായിരുന്നു - എങ്ങനെ ?
8. എച്ച്.ഐ.വി. ബാധയെന്ന് സംശയമെന്യേ തീർച്ചയാക്കാവുന്ന ടെസ്റ്റ് ഏത് ?
9. കടലാസ്സു നിവർത്തിനോക്കിയ പാറാവുകാരന്റെ മുഖം കനിവുറ്റതായി മാറി. കടലാസ്സിൽ എന്തായിരുന്നു എഴുതിയിരുന്നത് ?
10. ഉണ്ണിയുടെ അമ്മ അച്ഛന്റെകൂടെ ഖത്തരിലേയ്ക്കു പോകാൻ തയ്യാറാകാത്തത് എന്തുകൊണ്ട് ?

II. മൂന്നോ **നാലോ** വാക്യത്തിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും പത്തെണ്ണം ) 10 × 2 = 20

11. ചുടലക്കളത്തിലേയ്ക്കു പ്രവേശിയ്ക്കുന്ന ഭിക്ഷുവിനെ കവി ചിത്രീകരിയ്ക്കുന്നതെങ്ങനെ ?
12. കറുത്ത ചെട്ടിച്ചികൾ കേരളക്കരയ്ക്ക് ചെയ്ത സേവനങ്ങൾ എന്തെല്ലാം?
13. 'എന്തിനെന്തിന്നയവിറക്കുന്നു
നോവുകൂട്ടി നുണഞ്ഞ സുഖങ്ങൾ'
- നോവുകലന്ന ഈ സുഖങ്ങൾ എന്തായിരുന്നു ?

[ Turn over

www.careerindia.com

CAREERINDIA



14. കാത്ത്വീര്യനെ നിഗ്രഹിച്ചതിനുശേഷം പരശുരാമനുണ്ടായ അനുഭവമെന്ത് ?

15. ആതിര വരുന്നുവെന്ന് കവി അറിയുന്നതെങ്ങനെ ?

16. രുദ്രാക്ഷംകൊണ്ടു ഫലപ്രാപ്തി നേടാത്തവരെക്കുറിച്ചുള്ള പറങ്ങോടന്റെ പ്രതികരണം എന്തായിരുന്നു ?

17. വികസനോന്മുഖ പത്രപ്രവത്ത്നം പ്രവൃത്യുന്മുഖം (ആക്ഷൻ ഓറിയന്റഡ് ) ആകുന്നതെപ്പോൾ ?

18. എയ്ഡ്സ് പകരുകയില്ലാത്ത സാഹചര്യങ്ങൾ ഏവ ?

19. കുട്ടികാലത്ത് ആൽബർട്ടിന്റെ ജീവിതത്തിൻ പ്രകടമായിരുന്ന സവിശേഷസ്വഭാവം എന്തായിരുന്നു ?

20. ദുർജവൃക്ഷങ്ങൾ വെട്ടി വിൽക്കുന്ന ഉദ്യമത്തിൽനിന്ന് സോഫിയദേവി പിന്മാറിയത് എന്തുകൊണ്ട് ?

21. പത്രമാപ്പീസിലെ ജോലി എംടിയ്ക്കു സാഹിത്യരചനയിലേയ്ക്കുള്ള വഴി തുറന്നത് എങ്ങനെ ?

22. ബാങ്കോക്കിലെ തംബൂരി എന്ന സ്ഥലത്തിന്റെ പ്രത്യേകതയെന്ത് ?

III. ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും വ്യക്തമാക്കുക : ( ഏതെങ്കിലും നാലെണ്ണം ) : $4 \times 3 = 12$

23. "നിഗ്രഹാനുഗ്രഹാധികൃത പ്രൗഢരാം
വിപ്രലോകാഗ്രേസരന്മാരെ വന്ദിച്ചു."

24. "മുന്മട്ടിൽ പവിത്രയായ് ; പാചിനിയായിട്ടല്ലെ -
ന്നമ്മ സന്മതേ, ഭവൽ സ്മൃതിയിൽജ്ജീവിയ്ക്കാവൂ.

25. അക്കരിനിഴൽ കുത്ത് നഖത്തിൽ
കോർത്തുയിരെത്ര കൊത്തിപ്പറിച്ചു !

26. അതോക്കാതെ, ഇപ്പോൾ ഭീഷ്മരെ കൊന്നുതരാമെന്ന് ഈ ക്ഷത്രിയയ്ക്ക് വാക്കു കൊടുത്തും കളഞ്ഞു.

27. "ഋഷിസമാനനായ നിങ്ങളുടെ ഭത്ത്ാവിന്റെ ഔദാര്യം നിങ്ങൾ മൂലം നിഷ്ഫലമാകുന്നു. നിങ്ങൾക്കിത് ചേർന്നതല്ല."

28. "വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിയ്ക്കട്ടെ".

www.careerindia.com

CAREERINDIA



IV. നൂറുവാക്കിൽ ഉത്തരമെഴുതുക : ( ഏതെങ്കിലും നാലെണ്ണം ) : 4 × 7 = 28

29. 'എല്ലാരുമെത്തുന്നിടമായ ചുടലക്കാടിനെ കവി വര്‍ണ്ണിയ്ക്കുന്നതെങ്ങനെ ?

30. 'കോഴി' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം എഴുതുക.

31. നിരുപദ്രവകരമായ ഒരു ചതിയുടെ കഥയാണ് 'രുദ്രാക്ഷമാഹാത്മ്യം' വിശദീകരിയ്ക്കുക

32. അത്രയൊന്നും ഭയപ്പെടാനില്ലാത്ത രോഗമാണ് എയ്ഡ്സ് എന്ന് ലേഖകൻ പറയുന്നതിന്റെ കാരണമെന്ത് ?

33. കാലഘട്ടത്തിന്റെ മാറ്റത്തിനൊത്ത് കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന പാകപ്പിഴകളാണ് 'അമ്മയും മകനും' എന്ന കഥയിൽ കാണുന്നത് - വിവരിയ്ക്കുക.

34. ബാങ്കോക്ക് യാത്രയിൽ ലേഖകൻ പരിചയപ്പെട്ട വ്യക്തികളെക്കുറിച്ച് ഒരു വിവരണം എഴുതുക.

V. 35. ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക ( ഏതെങ്കിലും ഒന്നിന് ) 1 × 3 = 3

i) "ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ."

ii) 'കാക്കയ്ക്കും തൻകുഞ്ഞു് പൊൻകുഞ്ഞ്'

36. a) പദം പിരിച്ച് സന്ധി നിര്‍ണ്ണയിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) 4 × { EQ \F(1,2) }= 2

i) അന്യമായി ii) പൂഞ്ചോല
iii) നാലിനം iv) കൊടിയേറ്റം
v) ഉറക്കെപ്പാടി vi) എന്തായി

b) വിഗ്രഹിച്ച് സമാസം എഴുതുക : ( ഏതെങ്കിലും നാലു പദങ്ങൾ ) 4 × { EQ \F(1,2) }= 2

i) ചെന്താമര ii) പിതൃസ്വത്ത്
iii) വിദ്യാധനം iv) ചഞ്ചലാക്ഷി
v) ചോദ്യോത്തരങ്ങൾ vi) ഇരുപുറം

37. a) വിപരീത പദങ്ങൾ എഴുതുക : ( രണ്ടു പദങ്ങൾ )2 × { EQ \F(1,2) }= 1

i) യോജിപ്പ് ii) പുരോഗതി
iii) ഉത്തമം

b) രണ്ടു് പര്യായപദങ്ങൾ വീതം എഴുതുക : ( രണ്ടു പദങ്ങൾ ) 2 × { EQ \F(1,2) }= 1

i) വീട് ii) സൂര്യൻ
iii) ആകാശം

38. a) വൃത്തം നിര്‍ണ്ണയിയ്ക്കുക : ( ഒന്നിന്റെ ) 1 × 3 = 3

[ Turn over

www.careerindia.com

CAREERINDIA



i) രണ്ടുഭാവം നിനയ്ക്കുണ്ടാക വേണ്ടെടോ
രണ്ടു നാലെങ്കിലും കൊണ്ടു വന്നീടണം.

ii) ഇവനായുയർത്തുകതുമ്പിക്കൈ പഞ്ചാരിയ്ക്കു
ചെവിയാട്ടിടുമാലിൻ ചോട്ടിലെ പൂരക്കാറ്റേ.

b) അലങ്കാരം നിര്ണ്ണയിയ്ക്കുക : ( ഏതെങ്കിലും ഒന്നിന്റെ ) 3

i) കടിയ്ക്കും പാമ്പിനെപ്പോലെ കടക്കും മന്ദിരം തന്നിൽ.

ii) പെറ്റെണീയ്ക്കും മുമ്പ് കണ്ണടച്ചാളഹോ
പറ്റെ വിളർത്തൊരിക്കാല വർഷാംഗന.

39. a) പദങ്ങൾ പിരിച്ചെഴുതുക : 1

ഇന്നെന്തഴകീക്കറുമ്പിക്കിടാത്തികൾ -
ക്കെന്റെ നാട്ടാരുടെ കണ്ണിലെന്നോ - രസം.

b) സ്വന്തം വാക്യത്തിൽ പ്രയോഗിയ്ക്കുക : ( ഏതെങ്കിലും നാലു പദങ്ങൾ ) 4 × { EQ \F(1,2) }= 2

i) തകിടംമറിയുക
ii) കൈ മലർത്തുക
iii) അപൂര്വ്വം
iv) മുഖസ്തുതി
v) അനുദിനം
vi) യഥേഷ്ടം

c) 'എ' വിഭാഗത്തിൽ കൊടുത്തിരിയ്ക്കുന്ന പേരുകൾക്കു നേരെ 'ബി' വിഭാഗത്തിലെ കൃതികളുടെ പേരുകൾ യോജിപ്പിച്ചെഴുതുക : 2

| 'എ' | 'ബി' |
|---|---|
| i) ആശാൻ | a) ഉമാകേരളം |
| ii) ഉള്ളൂർ | b) അഞ്ചുസൂര്യൻ |
| iii) ബാലാമണിയമ്മ | c) കരുണ |
| iv) കടമ്മനിട്ട | d) സോപാനം |

40. a) നിങ്ങൾ സന്ദർശിച്ച ഒരു പുണ്യസ്ഥലത്ത് വെച്ച് ഉണ്ടായ അനുഭവങ്ങളെ ഉൾക്കൊള്ളിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക. 5

b) പരാവർത്തനം ചെയ്യുക : 5

പദങ്ങളന്വയമാർന്നേവാക്യം
ഭവിപ്പൂ സാത്ഥകമായ്
ശ്രുതിയും താളവുമൊത്തേ ഗാനം
ശ്രോത്രസുഖം നൽകൂ
മധുവ്രതത്തിന് മടു മലർവേണം
മനം കുളിർപ്പിയ്ക്കാൻ
മലന്ന പൂവിനു വണ്ടുംവേണം
മന്നിതു വിണ്ണാവാൻ.

www.careerindia.com